#IIMKinMedia

Date: August 14, 2026

Newspaper : Malayala Manorama, Pg.10

# മുഖ്യമന്ത്രിക്കും മന്ത്രിമാർക്കും ഐഐഎമ്മിൽ പരിശീലനം

തിരുവനന്തപുരം ● മുഖ്യമന്ത്രിക്കും മന്ത്രിമാർക്കുമായി കോഴിക്കോട്ടെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ (ഐഐഎം) 2 ദിവസത്തെ പരിശീലനം. അടുത്ത മാസം നാലിനും അഞ്ചിനുമാണ് പരിശീലനം സംഘടിപ്പിക്കുക.

സംസ്ഥാന മന്ത്രിസഭ ഒന്നാകെ 2 ദിവസം കോഴിക്കോട്ടായിരിക്കും. ചട്ടങ്ങൾ, നിയമങ്ങൾ, ഫയൽ പരിശോധനാ രീതികൾ, ഫയൽ കുറിപ്പുകൾ എഴുതേണ്ട രീതികൾ, കേന്ദ്ര സർക്കാരുമായുള്ള ആശയ വിനിമയ രീതികൾ, പദ്ധതികൾ തയാറാക്കൽ, അവ വേഗം നടപ്പാക്കുന്നതിനുള്ള മാർഗങ്ങൾ, മാധ്യമങ്ങളുമായുള്ള ഇടപെടൽ രീതികൾ, നിർമിത ബുദ്ധി ഉപയോഗിക്കൽ തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ധർ ക്ലാസെടുക്കും. 2011ൽ ഉമ്മൻ ചാണ്ടി മന്ത്രിസഭയും ഒരു ദിവസത്തെ പരിശീലനത്തിനായി കോഴിക്കോട്ട് എത്തിയിരുന്നു.